**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **08-02-2023 - ൽ മറുപടിയ്ക്ക്**

**പി.ജി.വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവ്വകലാശാലാ കോളേജിലെ പി.ജി.വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പി.ജി. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ പ്രവേശനത്തിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:<br><br>തിരുവനന്തപുരം നഗരസഭാ പരിധിയില്ലുള്ള സർക്കാർ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിനി ആയിരിക്കണം.<br><br>അപേക്ഷകയുടെ താമസസ്ഥലം ഹോസ്റ്റലിൽ നിന്നും 40 കി.മീ.-ൽ കൂടുതൽ ആയിരിക്കണം.<br><br>പി.ജി. പ്രവേശനത്തിന് വിദ്യാർത്ഥി നേടിയ ഇൻഡക്സ് മാർക്കിനൊപ്പം ഹോസ്റ്റലിൽ നിന്നും വിദ്യാർത്ഥിയുടെ താമസ സ്ഥലത്തേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വെയിറ്റേജ് കൂടി ചേർത്താണ് ഹോസ്റ്റൽ പ്രവേശനത്തിനുള്ള മാർക്ക് കണക്കാക്കുന്നത്.<br><br>റാങ്ക് മാർക്ക് = ഇൻഡക്സ് മാർക്ക് + ദൂരത്തിനുള്ള വെയിറ്റേജ്<br><br>ദൂരത്തിനുള്ള വെയിറ്റേജ് ചുവടെ ചേർക്കുന്നു:<br><br>40-60 കി.മീ. : 1.00 xഇൻഡക്സ് മാർക്ക്<br><br>60-100 കി.മീ. : 1.10 xഇൻഡക്സ് മാർക്ക്<br><br>100 കി.മീ.-നു മുകളിൽ (കേരളത്തിനുള്ളിൽ) : 1.20 xഇൻഡക്സ് മാർക്ക്<br><br>100 കി.മീ.-നു മുകളിൽ (കേരളത്തിനു പുറത്ത്) : 1.30 x ഇൻഡക്സ് മാർക്ക് |
| (ബി) | കേരള സർവ്വകലാശാലാ കോളേജിലെ എം.എസ് | (ബി) | കുമാരി ആയിഷത്ത് ആദില കെ.കെ., കുമാരി |

| | | | |
|---|---|---|---|
| | സി. വിദ്യാർത്ഥിനികളായ കാസർഗോഡ് ജില്ലയിലെ ആയിഷത്ത് ആദില കെ .കെ , മറിയം റഷീദ കെ. കെ , അനുശ്രീ ടി. എന്നിവർക്ക് ദൂരപരിധി കണക്കാക്കി ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കാത്തത് എന്ത്കൊണ്ടാണെന്ന് വിശദമാക്കുമോ; | | അനുശ്രീ ടി., കുമാരി മറിയം റഷീദ കെ.കെ. എന്നീ വിദ്യാർത്ഥിനികൾ തൈക്കാട് വനിതാ ഹോസ്റ്റലിൽ പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷിക്കുകയും സെപ്റ്റംബർ അവസാനവാരം പ്രസിദ്ധീകരിച്ച ആദ്യ ഹോസ്റ്റൽ റാങ്ക് ലിസ്റ്റിൽ യഥാക്രമം 113, 120, 147 റാങ്കുകളിലായി ഉൾപ്പെടുകയും ചെയ്തിരുന്നു. (ബി.പി.എൽ. വിഭാഗത്തിൽ യഥാക്രമം 37,40,48). ഒന്നാം വർഷ പി.ജി.വിദ്യാർത്ഥികൾക്കുള്ള 40 സീറ്റിലേക്കുള്ള അലോട്ട്മെന്റ് ഒക്ടോബർ ആദ്യവാരം പ്രസിദ്ധീകരിക്കുകയും ആദ്യ അലോട്ട്മെന്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ പ്രവേശനം എടുക്കാത്തത് മൂലം ഉണ്ടായ 10 ഒഴിവിലേക്ക് നവംബർ അവസാനവാരം രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. രണ്ടാം റാങ്ക് ലിസ്റ്റിൽ ഈ വിദ്യാർത്ഥിനികൾ യഥാക്രമം 93, 101, 128 റാങ്കുകളിലായി ഉൾപ്പെടുകയും ചെയ്തിരുന്നു. (ബി പി എൽ വിഭാഗത്തിൽ യഥാക്രമം 24, 28, 39).<br><br>രണ്ടാം അലോട്ട്മെന്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ പ്രവേശനം എടുക്കാത്തത് കാരണം/പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഹോസ്റ്റൽ വെക്കേറ്റ് ചെയ്തതുമൂലം ഉണ്ടായ 5 ഒഴിവുകളിലേക്ക് 03/02/2023 ന് മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു.<br><br>മൂന്നാം റാങ്ക് ലിസ്റ്റിൽ ഈ വിദ്യാർത്ഥിനികൾ യഥാക്രമം 85, 93, 122 റാങ്കുകളിലായി ഉൾപെട്ടിട്ടുണ്ട്. (ബി പി എൽ വിഭാഗത്തിൽ യഥാക്രമം 20, 24, 35). |
| (സി) | സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രസ്തുത വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം എപ്പോൾ അനുവദിക്കുമെന്ന് വിശദമാക്കുമോ? | (സി) | ടി വിദ്യാർത്ഥിനികളുടെ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷ തൈക്കാട് വനിതാ ഹോസ്റ്റലിൽ ഒഴിവുവരുന്ന മുറയ്ക്ക് നിർദിഷ്ട ടേണിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ